**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1063</u>** **<u>27-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രം വിപുലീകരിക്കാൻ സമഗ്രമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രത്തിന്റെ വികസനം ലക്ഷ്യം വച്ച് സമഗ്രമായ പദ്ധതിയും മാസ്റ്റർപ്ലാനും KAICO മുഖേന തയ്യാറാക്കിയിട്ടുണ്ട്.പ്രസ്തുത മാസ്റ്റർപ്ലാൻ നടപ്പിലാക്കാൻ 126.45 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.കാർഷിക മൊത്ത വ്യാപാര വിപണിയുടെ തുടർ വികസന പദ്ധതികൾ മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കേണ്ടത്. ഭീമമായ ഒരു തുകയുടെ എസ്റ്റിമേറ്റ് ആയതിനാലും മുൻ വർഷത്തിൽ തുക ലഭ്യമാകാത്തതിനാലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കാർഷിക വിപണന കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കാർഷിക മൊത്ത വ്യാപാര വിപണിയുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ പ്രകാരം സംവേദനാത്മക വിനോദ ഇടം (interactive recreation space), മഷ്റൂം ലാബ്, ഹോർട്ടികൾച്ചർ,ഡെമോൺസ്ട്രേഷൻ ഗാലറി,ട്രൈബൽ എക്സിബിഷൻ ഏരിയ, പൊതു എക്സിബിഷൻ സ്ഥലം,അർബൻ ഗാർഡൻ സ്പേസ് എന്നിവ ഉൾപ്പെട്ട പരീക്ഷണാത്മക വിനോദ ഇടം (experimental recreation space),പഴം പച്ചക്കറികൾ എന്നിവയുടെ വിൽപനക്കായി വെജിറ്റബിൾ മാർക്കറ്റ്, ഫ്രൂട്ട് മാർക്കറ്റ്, മത്സ്യ സ്റ്റാളുകൾ എന്നിവയും, കൂടാതെ ഫുഡ് കോർട്ട്,ഇൻക്യൂബേഷൻ സെന്റർ,സെയിൽസ് സെന്റർ എന്നിവയും ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ